കൃഷിയും കയറും വകുപ്പുമന്ത്രിയും (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) 28 ലക്ഷം മെട്രിക് ടൺ.

(ബി&സി) സംസ്ഥാനത്ത് പാലിന്റെ ഉപഭോഗം പാലും പാലുൽപ്പന്നങ്ങളുമായിട്ടാണ്. പുറത്തു നിന്നും വരുന്ന പാലിന് ഇപ്പോൾ നിയന്ത്രണങ്ങളൊന്നുമില്ലാത്തതിനാൽ കൃത്യമായ കണക്കുകൾ ലഭ്യമല്ല.

(ഡി) പ്രതിവർഷം 33.87 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിപ്പിക്കണം.

(ഇ) ഇതിനായി പാൽകൃഷി വികസന പദ്ധതി ഗുണമേൻമയുള്ള കാലിത്തീറ്റയുടെ ഉൽപ്പാദനം, രോഗപ്രതിരോധത്തിനുള്ള നടപടി, വ്യാപകമായ കൃത്രിമമായ ബീജാദാനം നടത്തിപ്പിക്കുന്നതിനുള്ള പദ്ധതി തുടങ്ങിയവ കാര്യക്ഷമമായി നടത്തിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് നടപ്പാക്കിവരുന്ന പദ്ധതികൾ

3 (*470) ശ്രീ. എൻ. രാജൻ :
ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. പി. എസ്. സുപാൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് സർക്കാർ പുതുതായി നടപ്പാക്കിവരുന്ന പദ്ധതികൾ വിശദമാക്കുമോ ;

(ബി) പാലുൽപ്പാദനം കുറഞ്ഞുവരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) അന്യസംസ്ഥാനങ്ങളിൽനിന്ന് കേരളത്തിലേക്ക് പ്രതിദിനം കൊണ്ടു വരുന്ന പാലിന്റെ അളവ് വർദ്ധിച്ചുവരുന്നത് സംസ്ഥാനത്തുള്ള പാലുൽപ്പാദനം കുറഞ്ഞു വരുന്നതു കൊണ്ടാണെന്നുള്ള വസ്തുത വിലയിരുത്തിയിട്ടുണ്ടോ ;

(ഡി) സംസ്ഥാനത്ത് പാൽവിതരണം നടത്തുന്ന മിൽമയുടെ പ്രവർത്തന മേഖല വിപുലീകരിക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കിവരുന്ന വികസന പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ;

(ഇ) മിൽമ എൻ. ഡി. ഡി. ബി. യുമായി നടത്തുന്ന കൂട്ടുസംരംഭ പ്രവർത്തനത്തിന്റെ ധാരണാ പത്രത്തിലെ വ്യവസ്ഥകൾ എന്തൊക്കെയാണ് ;

(എഫ്) പുതിയ കമ്പനിയുടെ പ്രവർത്തനത്തിൽ സംസ്ഥാന സർക്കാരിന്റെ പങ്ക് എന്താണെന്ന് വിശദമാക്കുമോ ;

(ജി) പാൽവില വർദ്ധിപ്പിക്കുവാൻ പുതിയ കമ്പനി സർക്കാരിന്റെ അനുമതി തേടിയിട്ടുണ്ടോ ;

(എച്ച്) ക്ഷീരകർഷകർക്കും പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങൾക്കും പുതിയ കമ്പനിയുടെ പ്രവർത്തനംമൂലം ഇന്ന് ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ നഷ്ടപ്പെടാൻ ഇടവരുമോ എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) 1. പച്ചപ്പുൽകൃഷി പ്രോൽസാഹിപ്പിക്കുന്ന പദ്ധതിയിൽ ആഗോള കൃഷി കൂടി ഉൾപ്പെടുത്തി പദ്ധതി പരിഷ്കരിച്ച് നടപ്പിലാക്കുന്നു.

2. ധാതുലവണ മിശ്രിതം ഉല്പാദിപ്പിക്കുവാനുള്ള ഒരു പദ്ധതി കേരള ഫീഡ്സ് ലിമിറ്റഡ് നടപ്പിലാക്കുന്നു.

(ബി&സി) ഇല്ല.

(ഡി) മുപ്പത് കോടി രൂപയുടെ വികസനപ്രവർത്തനങ്ങളാണ് 2010 വരെയുള്ള കാലത്തേക്ക് മിൽമ ഇപ്പോൾ വിഭാവനം ചെയ്തു നടപ്പിലാക്കി കൊണ്ടിരിക്കുന്നത്. 2004-05 ആകുമ്പോഴേക്കും 268 സംഘങ്ങൾകൂടി അധികമായി ആരംഭിക്കും. പത്താം പഞ്ചവൽസരപദ്ധതി പൂർത്തിയാകുമ്പോൾ പ്രതിദിന പാൽ സംഭരണശേഷി നിലവിലുള്ള ഒമ്പതര ലക്ഷം ലിറ്ററിൽനിന്നും പതിനാലേകാൽ ലക്ഷം ലിറ്ററാകും ഗുണമേന്മയുള്ള കാലിത്തീറ്റ ലഭ്യമാക്കുന്നതിനായി മലമ്പുഴയിലെ കാലിത്തീറ്റ ഫാക്ടറിയുടെ പ്രതിദിന ഉല്പാദനശേഷി ഏഴ് കോടി രൂപചെലവിൽ 300 മെട്രിക് ടൺ ആയി വർദ്ധിപ്പിച്ച് ഗുളിക രൂപത്തിലുള്ള കാലിത്തീറ്റ വിതരണം ചെയ്യുന്നതാണ്. കൂടാതെ പാൽ വിതരണത്തിനായി ഒരു പുതിയ കമ്പനി രൂപീകരിച്ചു. വൈവദ്ധ്യവൽക്കരണം നടത്തി വിവിധ പാൽ ഉൽപന്നങ്ങൾ നിർമ്മിച്ച് വിപണനം നടത്തുവാനുള്ള പദ്ധതി ആവിഷ്ക്കരിച്ചു വരുന്നു. നാഷണൽ ഡയറി ഡവലപ്പ്മെന്റ് ബോർഡിന്റെ സഹായത്തോടെ വിവിധ ഡയറി പ്ലാന്റുകളുടെ പാൽ കൈകാര്യശേഷി ഇരട്ടിപ്പിക്കുന്നതിനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു.

(ഇ) 1. മിൽമയുടെ മേഖലാ യൂണിയനുകൾ ഉല്പാദിപ്പിക്കുന്ന പാലും പാലുല്പന്നങ്ങളും വിപണനം ചെയ്യുന്നത് പുതിയ കമ്പനി ആയിരിക്കും.

2. പാലും തെരഞ്ഞെടുക്കപ്പെട്ട ഉല്പന്നങ്ങളും മിൽമ എന്ന വ്യാപാര നാമത്തിലായിരിക്കും വില്പന നടത്തുക.

3. പാലും പാലുല്പന്നങ്ങളും മേഖലാ യൂണിയനുകളിൽ നിന്ന് പുതിയ കമ്പനി വാങ്ങുന്നത് ഫെഡറേഷനുമായി വർഷാ വർഷം ഉണ്ടാക്കുന്ന കരാറിന്റെ അടിസ്ഥാനത്തിലായിരിക്കും.

4. പാലിന്റെ സംഭരണവില നിശ്ചയിക്കുവാനുള്ള അധികാരം പൂർണ്ണമായും മേഖലാ യൂണിയനുകൾക്കും ഫെഡറേഷനുമായിരിക്കും.

5. മേഖലാ യൂണിയനുകളുടെ ഡയറികളുടെ വികസനത്തിനും പുതിയ ഉല്പന്നങ്ങൾ വിപണിയിലിറക്കുന്നതിനും വേണ്ട സാങ്കേതിക സാമ്പത്തിക സഹായങ്ങൾ പുതിയ കമ്പനി മുഖേന ലഭ്യമാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

6. മേഖലാ യൂണിയനുകളിലും ഫെഡറേഷനിലും ഇന്ന് വിപണനവിഭാഗത്തിൽ പ്രവർത്തിക്കുന്ന ജീവനക്കാരെ പുതിയ കമ്പനി തെരഞ്ഞെടുത്ത് നിയമിക്കും.

7. കമ്പനി നിയമപ്രകാരം പബ്ളിക്ക് ലിമിറ്റഡ് കമ്പനി ആയിട്ടായിരിക്കും രജിസ്റ്റർ ചെയ്യുക.

8. പുതിയ കമ്പനിയിൽ മിൽമയ്ക്ക് 49 ശതമാനം ഓഹരിയും മദർ ഡയറി ഫുഡ്സിന് 51 ശതമാനം ഓഹരിയും ഉണ്ടായിരിക്കും.

9. ഈ കമ്പനിയിൽ പങ്കാളികളായ മിൽമയ്ക്കും മദർഡയറി ഫുഡ്സിനും തങ്ങളുടെ ഓഹരി പുറത്ത് വിൽക്കാൻ സാധിക്കില്ല.

10. പുതിയ കമ്പനിയുടെ ഭരണസമിതിയിൽ ഫെഡറേഷനിൽനിന്ന് 4 പേരും മദർ ഡയറി ഫുഡ്സിൽ നിന്നും 5 പേരും ഉണ്ടായിരിക്കും.

11. ഈ കമ്പനി ലാഭമുണ്ടാക്കുകയാണെങ്കിൽ ആയത് മിൽമയിൽ അംഗങ്ങളായിട്ടുള്ള ക്ഷീരകർഷകരുടെ ഉന്നതിക്കായി പൂർണ്ണമായും ഉപയോഗപ്പെടുത്തും.

(എഫ്) പുതിയ കമ്പനിയുടെ പ്രവർത്തനത്തിൽ സംസ്ഥാന സർക്കാരിന് നേരിട്ട് യാതൊരു പങ്കുമില്ല.

(ജി) ഇല്ല.

(എച്ച്) ഇത്തരം ഒരു സാഹചര്യം ഉണ്ടാകാൻ ഇടവരികയില്ല. ക്ഷീരകർഷകർക്കും പ്രാഥമിക സഹകരണസംഘങ്ങൾക്കും ഇന്ന് ലഭിച്ചു കൊണ്ടിരിക്കുന്ന എല്ലാ ആനുകൂല്യങ്ങളും തുടർന്നും ലഭിക്കും. ഈ കമ്പനി ലാഭമുണ്ടാക്കുകയാണെങ്കിൽ ആയത് മിൽമയിൽ അംഗങ്ങളായിട്ടുള്ള ക്ഷീരകർഷകരുടെ ഉന്നതിക്കായി പൂർണ്ണമായും ഉപയോഗപ്പെടുത്തും.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : കാലിത്തീറ്റയുടെ വിലയും മറ്റ് കൂലി ചെലവുകളും നമ്മുടെ സംസ്ഥാനത്ത് വളരെ കൂടുതലാണ്. അതുകൊണ്ടുതന്നെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് നമ്മുടെ സംസ്ഥാനത്ത് പാലുല്പാദനത്തിനുള്ള ചെലവും കൂടുതലാണ്. അതെസമയം മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വിലകുറഞ്ഞ പാൽ നമ്മുടെ സംസ്ഥാനത്ത് എത്തുന്നത് നമ്മുടെ ക്ഷീര കർഷകരെ വളരെ ബുദ്ധിമുട്ടിക്കുന്നുണ്ട്. ഇത് പരിഗണിച്ച് അന്യസംസ്ഥാനങ്ങളിൽനിന്ന് വരുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്താൻ ഏതെങ്കിലും ക്വാളിറ്റി കൺട്രോൾ ഏർപ്പെടുത്തുകയും അന്യസംസ്ഥാനങ്ങളിൽനിന്ന് വരുന്ന പാലിന് ചെറിയ സെസ്സ് ഏർപ്പെടുത്തി നമ്മുടെ ക്ഷീര കർഷകരെ രക്ഷിക്കുകയും ചെയ്യുന്നതിന് ഗവൺമെന്റ് മുന്നോട്ട് വരുമോ ?

ശ്രീമതി. കെ. ആർ. ഗൗരിയമ്മ : സെസ്സ് ഏർപ്പെടുത്താൻ സാധിക്കുമോയെന്ന കാര്യം പരിശോധിച്ചുവരികയാണ്. ക്വാളിറ്റി കൺട്രോളിനുവേണ്ടി നടത്തുന്നത് ഡയറി ഡിപ്പാർട്ടുമെന്റിന്റെയും അതുപോലെതന്നെ ഹെൽത്ത് ഡിപ്പാർട്ടുമെന്റിന്റെയും ആളുകളാണ്. അത് ഫലപ്രദമായി ഇന്നത്തെ നിലയിൽ നടക്കുന്നില്ല എന്നുള്ളത്

LIBRARY ARCHIVES Kerala Legislative Assembly

ഒരു യാഥാർത്ഥ്യമാണ്. അത് നടത്തുന്നതിനു വേണ്ടിയുള്ള ശ്രമം നടത്തി നോക്കാം. പുറത്തുനിന്നുവരുന്ന പാലിനെ നിയന്ത്രിച്ച് നിർത്താൻ, തടയാൻ സാധിക്കുകയില്ല. അതുകൊണ്ടാണ് പാൽ വരുന്നത്. നമുക്കാവശ്യമുള്ള പാൽ ഇവിടെ ഉല്പാദിപ്പിക്കാൻ കഴിയുമെന്നുള്ള ധാരണയാണ്. ആ വിധത്തിൽ ഉല്പാദനം വർദ്ധിക്കുമ്പോൾ ഇതിന്റേതായിട്ടുള്ള ബുദ്ധിമുട്ടുകൾ ഉണ്ട്. പുതിയ private ഡയറികൾ അനുവദിക്കാതിരിക്കാൻ സെൻട്രൽ ഗവൺമെന്റ് വിചാരിച്ചെങ്കിൽ മാത്രമെ നടക്കുകയുള്ളൂ അതാണ് സ്ഥിതി. ഇപ്പോൾ പാൽ ഇവിടെ കൊണ്ടുവരുന്നതുകൊണ്ട് ബുദ്ധിമുട്ടില്ലാത്ത വിധത്തിലാണ് എഗ്രിമെന്റ് ഉണ്ടാക്കിയിരിക്കുന്നത്. ഇവിടെയുണ്ടാക്കുന്ന പാൽ മുഴുവനും വില്ക്കാൻ അവർക്ക് അധികാരമുണ്ട്. ഇവിടെ മാത്രമല്ല വേണ്ടിവന്നാൽ അവർ പുറത്തും അന്യസംസ്ഥാനത്തും വിൽക്കും എന്നുള്ള നിലയിലാണ് agreement. അതുകൊണ്ട് നമുക്ക് പാൽ വിൽപനയ്ക്ക് ആശങ്കപ്പെടേണ്ട കാര്യമില്ല.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : കേരള വികസന പദ്ധതിയിൽ ഇപ്പോൾ നിലവിൽ ക്ഷീര കർഷകർക്കും ക്ഷീര സഹകരണസംഘങ്ങൾക്കും സബ്സിഡിയോ മറ്റ് ആനുകൂല്യങ്ങളോ നൽകുന്നതിന് കേരള സംസ്ഥാന പ്ലാനിംഗ് ബോർഡ് നിരോധിച്ചിരിക്കുകയാണ്. അതുകൊണ്ട് ആ മേഖലയിൽ ക്ഷീര കർഷക മേഖലയിൽ വളരെ ബുദ്ധിമുട്ടുകളുണ്ട്. ഈ നിരോധനം പിൻവലിച്ച് ക്ഷീര കർഷകർക്കും ക്ഷീര സഹകരണസംഘങ്ങൾക്കും എന്തെങ്കിലും സഹായം നൽകാൻ ഗവൺമെന്റ് മുന്നോട്ട് വരുമോ ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ : ഡയറി സൊസൈറ്റികൾക്ക് കൊടുക്കുന്ന സഹായങ്ങൾ ഗവൺമെന്റ് ഇപ്പോഴും കൊടുക്കുന്നുണ്ട്. പ്ലാനിംഗ് ബോർഡിന്റെ നിർദ്ദേശമനുസരിച്ച് പഞ്ചായത്തുകൾ ചില സഹായങ്ങൾ കൊടുത്തിരുന്നത് നിരോധിച്ചിരിക്കുകയാണ്. മിക്കവാറുമുള്ള ക്ഷീര സംഘങ്ങൾ അതിന് എതിരായി പരാതിപ്പെട്ടിട്ടുണ്ട്. ഗവൺമെന്റ് പ്ലാനിംഗ് ബോർഡുമായിട്ട് ആലോചിച്ച് ആവശ്യമായിട്ടുള്ള നടപടികൾ എടുക്കാൻ നോക്കാം. അല്ലാതെ പുതിയതായ വിധത്തിലുള്ള സാമ്പത്തിക സഹായം ഡയറി ഡിപ്പാർട്ടുമെന്റിൽനിന്ന് കൊടുക്കത്തക്കവിധത്തിലുള്ള സാമ്പത്തിക സൗകര്യമില്ല. ഇപ്പോൾത്തന്നെ പശുകുട്ടികൾക്ക് feed subsidy കൊടുക്കുന്നുണ്ട്. മറ്റ് വിധത്തിലുള്ള ആനുകൂല്യങ്ങൾ കൊടുക്കുന്നതിന് ബുദ്ധിമുട്ടാണ്. budget-ൽ പണമില്ല. ഇവിടെ കാലിത്തീറ്റയെന്നു വച്ചാൽ കാലിത്തീറ്റ മാത്രമാണ്. പുല്ലും വയ്ക്കോലും കുറവാണ്. അതുകൊണ്ട് എൻ.ഡി.ഡി.ബി. യോട് ആവശ്യപ്പെട്ടതനുസരിച്ച് അവർ പുതിയ ഒരു ഫാക്ടറി തമിഴ്നാട്ടിൽ കൊയ്ത്ത് കാലത്ത് വയ്ക്കോൽ അട്ടിയിട്ട് ഇങ്ങോട്ട് കൊണ്ടുവരുന്നതിന് വേണ്ടിയിട്ടുള്ള ഒരു factory തുടങ്ങാമെന്ന് ഏറ്റിട്ടുണ്ട്. അത് അവർ തുടങ്ങുമെന്നാണ് കരുതുന്നത്. എങ്ങനെ പാൽ ഉല്പാദനത്തിന് ചിലവുകുറയ്ക്കാം , നമുക്ക് പുല്ല് ഇല്ലാത്തതിനാൽ കാലിത്തീറ്റ ധാരാളം കലക്കി കൊടുത്തിട്ടാണ് പശുക്കളെ വളർത്തുന്നത്. അതുകൊണ്ട് എല്ലാ ബ്ലോക്കുകളിലും പുല്ലുല്പാദനം വർദ്ധിപ്പിക്കാനുള്ള നടപടികൾ ഈ കൊല്ലംമുതൽ തുടങ്ങുന്നതിന് നടപടികളെടുത്തു വരുന്നു. പുല്ലുല്പാദനം വർദ്ധിപ്പിക്കുക കൂടുതൽ കാലിത്തീറ്റ ഫാക്ടറികൾ ഉണ്ടാക്കുക calf സബ്സിഡി സ്ക്കീം നടപ്പിലാക്കുക, പിന്നെ

LIBRARY ARCHIVES Kerala Legislative Assembly

ഏതെല്ലാം വിധത്തിൽ നമുക്ക് സബ്സിഡൈസ് സ്ക്കീം വച്ചുകൊണ്ട് പശുക്കളെ വാങ്ങിച്ചുകൊടുക്കാൻ കഴിയും അതൊക്കെ ചെയ്യുന്നുണ്ട്. പക്ഷേ ഞാൻ മുമ്പ് പറഞ്ഞതുപോലെ പഞ്ചായത്തിന്റേതായിട്ടുള്ള സംഘങ്ങൾക്ക് കൊടുത്തു കൊണ്ടിരുന്ന ഗ്രാന്റ് നിർത്തിവച്ചിരിക്കുകയാണ്. അത് തുടർന്നും കൊടുക്കുവാൻ നടപടികളെടുക്കണമെന്നു ആവശ്യപ്പെടാം.

ശ്രീ. സി. മമ്മൂട്ടി : അന്യസംസ്ഥാനങ്ങൾ പാൽ ഉല്പാദിപ്പിക്കുന്നത് വളരെ ആദായകരമായിട്ടാണ്. എന്നാൽ ഇവിടെ ഉല്പാദിപ്പിക്കുന്ന പാൽ വില കൂടുതൽ ആകുന്നത് ചെലവ് കൊണ്ടുതന്നെയാണ്. കർഷകർ ഏറെ ബുദ്ധിമുട്ടുന്നുണ്ട്. അതോടൊപ്പംതന്നെ അന്യസംസ്ഥാനങ്ങളിൽനിന്ന് വരുന്ന പാൽ വളരെ വിലക്കുറച്ചാണ് അവർ കച്ചവടക്കാർക്ക് വിതരണം ചെയ്യുന്നത്. അതിലാണെങ്കിൽ ബാക്ടീരിയ കണ്ടന്റ് ലക്ഷക്കണക്കാണെങ്കിൽ കേരളത്തിലെ പാലിൽ ബാക്ടീരിയ കണ്ടന്റ് വളരെ കുറവാണ്. ഇങ്ങനെ പല പ്രശ്നങ്ങൾ കൊണ്ട് ആദായകരമായ രീതിയിൽ ഈ കൃഷിയെ മാറ്റുന്നതിന് അതിന്റെ ക്വാളിറ്റി വർദ്ധിപ്പിക്കുന്നതിനും പുറത്തുനിന്നുവരുന്ന പാലിന്റെ ക്വാളിറ്റി നിശ്ചയിച്ചു കൊണ്ട് സുരക്ഷിതമാക്കുന്നതിനുമുള്ള ശക്തമായ നടപടികൾ സ്വീകരിക്കുമോ ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ : നമുക്ക് ഒരു ഗുണമുള്ളത് മിൽമ പ്രചരണവും നടപ്പിലാക്കലും കൃഷിക്കാരിൽ നിന്ന് നേരിട്ട് വാങ്ങലുമൊക്കെ കൊണ്ട് മിൽമയ്ക്ക് കേരളത്തിൽ ഒരു പ്രിയം ഉണ്ടായിട്ടുണ്ട്. ഇല്ലായെന്നു പറയുന്നില്ല. കഴിയുമെങ്കിൽ നമ്മുടെ നാട്ടുകാർ മിൽമ പാൽ വാങ്ങുന്നു. എന്നാൽ ചായക്കടക്കാരും റെസ്റ്റോറെന്റുകൾ ഉപയോഗിക്കുന്നത് പുറത്തുനിന്ന് കട്ടിയേറിയ പാൽ വരുന്നതാണ്. പുതിയ ഒരു കമ്പനി ഉണ്ടാക്കുന്ന പാൽ കട്ടിയേറിയതാണ്. എന്ന് പറഞ്ഞു കേൾക്കുന്നു. ആ വിധത്തിൽ പുറത്തുനിന്ന് വരുന്ന പാൽ ഇങ്ങനെ കൊമേഴ്സ്യൽ ആവശ്യങ്ങൾക്ക് വാങ്ങുന്നുണ്ട്. ഇതിനുപുറമേ private dairy-കൾ പാൽ വില്ക്കുന്നുണ്ട്. അത് നിരോധിക്കാൻ നമുക്ക് അവകാശമില്ല. നിയന്ത്രിക്കാനെ കഴിയൂ. അതു നടത്താനുള്ള നടപടികൾ എടുത്തുവരുന്നു.

മി. സ്പീക്കർ : വല്ലതും അരച്ച് ചേർത്താലും കട്ടികൂടും.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : പാൽ കുറവുള്ള ജനുവരി, ഫെബ്രുവരി മാർച്ച് മാസങ്ങളിൽ പാലിന്റെ വിലയിൽ വലിയ വ്യത്യാസം കാണുന്നുണ്ട്. അതുപോലെ കൂടുതലുള്ള സമയങ്ങളിൽ പാൽ നമ്മൾ ഒഴുക്കി കളയേണ്ടതുമുണ്ട്. ഇതിന് പരിഹാരം കാണാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ : ഇപ്രാവശ്യം പാൽ ഒഴുക്കേണ്ടിവരികയില്ല. എന്തൊക്കെ പറഞ്ഞാലും ഒരു കപ്പ് മിൽക്ക് ആന്റ് ഷേക്ക് ഹാൻഡിൽ അത് കുറെ പാൽ ഉപയോഗിക്കുന്നുണ്ട്. അത് ഉപയോഗിക്കുന്നത് ഫലപ്രദമായിട്ടില്ലയെന്നുള്ളതാണ് ശരി. എന്താണെന്നുവച്ചാൽ പാൽ കൊടുക്കുന്നുണ്ടോയെന്നുള്ളതിന്റെ മുഴുവൻ ചുമതലയും പൂർണ്ണാധികാരവും ആ നിയോജകമണ്ഡലത്തിലെ എം.എൽ.എ.-മാർക്കാണ്. ആ എം.എൽ.എ.ക്ക് വിതരണം supervise ചെയ്യാൻ അധികാരം കൊടുത്തിട്ടുണ്ട് നിങ്ങൾ ചെയ്യണം. അതിൽ ഗവൺമെന്റ് ഇടപെടുകയില്ല. പാൽ കൊടുക്കുന്നു, അല്ലെങ്കിൽ.....സർ, ഇപ്പോൾ തന്നെ 11 കോടി രൂപ മിൽമയ്ക്ക് കൊടുക്കാനുണ്ട്. ആ പണം വ്യർത്ഥ പോകരുത് പാൽ കുട്ടികൾതന്നെ കുടിക്കണം.

(ചോദ്യോത്തരസമയം കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly